**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3515** **15-02-2024 - ൽ മറുപടിയ്ക്ക്**

**അവണൂർ അംബേദ്കർ കോളനി നിവാസികൾക്ക് പട്ടയം നൽകുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | അവണൂർ അംബേദ്കർ കോളനിയിൽ പതിറ്റാണ്ടുകളായി താമസിച്ച് വരുന്നവർക്ക് പട്ടയ വിതരണത്തിന് മുന്നോടിയായി അവണൂർ വില്ലേജ് ഓഫീസിൽ വച്ച് ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താമോ? | (എ) | താലൂക്ക് ലാന്റ് ബോർഡ് ഉത്തരവു പ്രകാരം ഏറ്റെടുത്തതും, തൃശ്ശൂർ താലൂക്കിലെ അവണൂർ വില്ലേജിൽ ഉൾപ്പെടുന്നതുമായ അവണൂർ അംബേദ്കർ കോളനിയിൽ കാലങ്ങളായി താമസിച്ചു വരുന്ന നിരവധി കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ ശക്തൻ തമ്പുരാൻ ബസ്റ്റാൻഡ് നിർമ്മാണവുമായി കുടിയൊഴിപ്പിക്കപ്പെട്ടവരും, നേരത്തെ പട്ടയം ലഭിച്ചതിനുശേഷം ഭൂമി കൈവശത്തിലെടുക്കാത്തവരുടെ സ്ഥലത്ത് അനധികൃതമായി താമസിക്കുന്നവരും, ഭൂമി അകാല കൈമാറ്റം വഴിയും, അനധികൃത കൈമാറ്റം വഴിയും ലഭിച്ചവരും, കോളനി നിവാസികളായുണ്ട്.<br><br>പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 2024 ജനുവരി 08, 09 തീയതികളിൽ വില്ലേജാഫീസിൽ വച്ച് അദാലത്ത് സംഘടിപ്പിച്ച് അപേക്ഷകരുടെ കൈവശത്തിലുള്ള രേഖകളും, മറ്റ് ആവശ്യമായ വിവരവും ശേഖരിച്ചിട്ടുള്ളതും, കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഓരോ അപേക്ഷകരുടേയും അർഹത സംബന്ധിച്ച് താലൂക്ക് തലത്തിൽ പരിശോധിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ